പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 267 | 11/10/2011-ൽ മറുപടിക്ക്

# സ്കൂൾ ബസ് ഡ്രൈവർമാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സ്കൂൾ ബസ്സുകൾ ഓടിക്കുന്നത് പരിചയസമ്പന്നരാണോ എന്ന കാര്യം വിദ്യാഭ്യാസ വകുപ്പ് പരിശോധിക്കാറുണ്ടോ; | (എ) പരിശോധിയ്ക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സ്കൂൾ ബസ് ഡ്രൈവർമാരായി നിയമിക്കപ്പെടുന്നതിന് വിദ്യാഭ്യാസ വകുപ്പ് മാനദണ്ഡങ്ങൾ നിഷ്ക്കർഷിച്ചിട്ടുണ്ടോ ;<br>(സി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) നിഷ്ക്കർഷിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ, 3.07.2011-ലെ എം4/34701/ 11/ഡി.പി.ഐ., 27.09.2011-ലെ എം4/ 40015/11/ഡി.പി.ഐ എന്നീ നമ്പർ സർക്കുലറുകൾ പ്രകാരം മാനദണ്ഡങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ ബസ് ഡ്രൈവറായി നിയമിക്കപെടുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 35 വയസ്സായി നിജപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധമായിവെയ്ക്കുന്നു. |
| (ഡി) പരിചയസമ്പന്നരല്ലാത്ത ഡ്രൈവർമാർ സ്കൂൾ ബസ്സുകൾ ഓടിക്കുന്നതു മൂലം അപകടത്തിൽപ്പെട്ട് കുട്ടികളുടെ ജീവൻ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് | (ഡി) സ്കൂൾ വാഹന അപകടങ്ങൾ ഉണ്ടാവാതിരിക്കുന്നതിനുള്ള ചില സുരക്ഷിതത്വ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർക്ക് നൽകിക്കൊണ്ട് |

സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പ്രത്യേക ശ്രദ്ധയെടുത്ത് നടപ്പിലാക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്. സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ പൊലീസ്, മോട്ടോർ വാഹന വകുപ്പുകളുമായി ആലോചിച്ച് നടത്തുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

കൂടാതെ, പരിചയ സമ്പന്നരല്ലാത്ത ഡ്രൈവർമാർ സ്കൂൾ ബസ്സുകൾ ഓടിക്കുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ വാടകക്കെടുത്തതോ ആയതും സ്കൂൾ കുട്ടികളെ വഹിച്ചുകൊണ്ടു പോകുന്നതും ആയ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും വാഹനമോടിച്ച് പരിജ്ഞാനവും ഹെവി വാഹനങ്ങൾ ഓടിച്ച് 5 വർഷത്തിൽ കുറയാത്ത പരിചയവും ഉണ്ടായിരിക്കണം.

2. വാഹനാപകട കേസ്സുകൾ/മദ്യപിച്ച് വാഹനമോടിക്കുക/അമിത വേഗതയിൽ/ അശ്രദ്ധവും അപകടകരവുമായ രീതിയിൽ വാഹനമോടിക്കുക തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് പ്രതികളായിട്ടുള്ളവരെ /ശിക്ഷിക്കപെട്ടിട്ടുള്ളവരെ നിയമിക്കാൻ പാടില്ല.

3. സ്കൂൾ ബസ്സുകളിൽ സ്പീഡ് ഗവേർണർ 40 കി.മീ. ആയി നിയന്ത്രിച്ച് സ്ഥാപിക്കേണ്ടതാണ്.

4. എല്ലാ സ്കൂൾ ബസ്സിലും കുട്ടികളെ സുരക്ഷിതമായി കയറ്റുന്നതിനും ഇറക്കുന്നതിനും കൂടാതെ സുരക്ഷിതമായി റോഡ് മുറിച്ച് കടക്കുന്നതിന് സഹായിക്കുന്നതിനുമായി ഓരോ വാതിൽക്കലും ഒരു സഹായി വീതം ഉണ്ടായിരിക്കണം

5. കേരളാ മോട്ടോർ വാഹന ചട്ടം 221-ൽ പറഞ്ഞിട്ടുള്ള പ്രകാരം മാത്രമേ കുട്ടികളെ ബസ്സിൽ കയറ്റുവാൻ പാടുള്ളൂ.

6. ബസ്സിൽ എല്ലാ വാതിലുകളിലും ഷട്ടർ സ്ഥാപിച്ചിരിക്കണം.

7. കുട്ടികളുടെ ബാഗുകളും മറ്റ് സാധനങ്ങളും സൂക്ഷിക്കുന്നതിന് വാഹനത്തിൽ പ്രത്യേകം സ്ഥലം സജ്ജീകരിച്ചിരിക്കണം.

8. സ്കൂൾ അധികാരികൾ/പി.ടി.എ. ഭാരവാഹികൾ എന്നിവർ സ്കൂൾ ബസ്സിലെ ജീവനക്കാരുടെ സ്വഭാവവും അവർ നൽകുന്ന സേവനങ്ങളും മിന്നൽ പരിശോധന നടത്തി വിലയിരുത്തേണ്ടതാണ്.

| | | | |
|---|---|---|---|
| (ഇ) | മാനദണ്ഡങ്ങൾ പാലിക്കാതെ ഡ്രൈവർമാരെ നിയമിക്കുന്ന സ്കൂൾ അധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | മാനദണ്ഡങ്ങൾ പാലിക്കാതെ ഡ്രൈവർമാരെ നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത സ്കൂൾ അധികൃതർക്കെതിരെ അന്വേഷണ വിധേയമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം

..../40015/2011/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 27.9.2011.

## സർക്കുലർ

വിഷയം:- സ്കൂൾ വാഹനങ്ങൾ - സുരക്ഷിതത്വ നിർദ്ദേശങ്ങൾ -
സൂചന:-നം.6011/ഡി3/2011/ട്രാൻസ്പോർട്ട് തീയതി, 7.6.2011

കേരളത്തിൽ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതും കുട്ടികൾ മരണപ്പെടുന്നതും അതീവ ദു:ഖത്തോടെ വീക്ഷിക്കുന്നതോടൊപ്പം ഇനിയും ഇത്തരം അപകടങ്ങൾ ഉണ്ടാവാതിരിക്കാനുള്ള ചില സുരക്ഷിതത്വ നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സ്കൂൾ അധികൃതർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. താഴെക്കൊടുത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർ പ്രത്യേകം ശ്രദ്ധയെടുത്ത് നടപ്പിലാക്കേണ്ടതാണ്.

1. ഓരോ സ്കൂളിലുമുള്ള വാഹനങ്ങളെ സംബന്ധിച്ചും സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളെ സംബന്ധിച്ചും ഒരു വാഹന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അതിൽ ഡ്രൈവറുടെയും വാഹനത്തിന്റെയും അതിൽ കയറുന്ന കുട്ടികളുടേയും വിശദവിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടുന്നതാണ്. ആവശ്യമെങ്കിൽ ഇതിന്റെ കോപ്പി അടുത്ത പോലീസ് സ്റ്റേഷനിൽ നൽകേണ്ടതാണ്. കൂടാതെ എല്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഇതിന്റെ കൺസോളിഡേറ്റഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
2. ഓരോ സ്കൂളിലും വാഹനത്തെ സംബന്ധിച്ചുള്ള ദൈനംദിന ഭരണപരമായ കാര്യങ്ങൾക്ക് ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയെ ചുമതല ഏല്പിക്കുകയും അവരെ സഹായിക്കുന്നതിന് പേരന്റ് ടീച്ചർ അസോസിയേഷന്റെ ഒരു എക്സിക്യൂട്ടീവ് അംഗത്തിനെങ്കിലും ചുമതല നൽകേണ്ടതും ആഴ്ചയിൽ ഒരു ദിവസം ഹെഡ്മാസ്റ്റർ പരിശോധിക്കേണ്ടതുമാണ്.
3. വാഹന സഞ്ചാരത്തെ സംബന്ധിച്ച് പി.ടി.എ.യിൽ നിന്ന് ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും അവർ ഇതിനെ സംബന്ധിച്ചുള്ള പീരിയോഡിക്കൽ റിപ്പോർട്ടുകൾ പ്രധാന അദ്ധ്യാപകനും പി.ടി.എ. കമ്മിറ്റിക്കും നൽകേണ്ടതാണ്.
4. സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ പോലീസ് മോട്ടോർ വാഹന വകുപ്പുകളുമായി ആലോചിച്ചു നടത്തേണ്ടത് പ്രധാന അദ്ധ്യാപകരുടെ ഉത്തരവാദിത്വമാണ്. ഡ്രൈവർമാർ കുറഞ്ഞത് 35 വയസ്സെങ്കിലും പ്രായം നിഷ്കർഷിക്കാവുന്നതാണ്.
5. പ്രധാന അദ്ധ്യാപകരുടെ യോഗങ്ങളിൽ സ്കൂൾ വാഹനത്തിന്റെ വിശദാംശങ്ങളും ഒരു പ്രധാന അജണ്ടയായി ചർച്ച ചെയ്യേണ്ടതും രേഖപ്പെടുത്തേണ്ടതും ആവശ്യമായ മാറ്റങ്ങൾക്കായി ജില്ലാതല ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

6. ജില്ലാതലത്തിൽ പോലീസ്, മോട്ടോർ വാഹന വകുപ്പുകളുമായി ആലോചിച്ച് കൂടുതൽ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതും ജില്ലയിൽ നടപ്പിലാക്കാവുന്നതുമാണ്.

7. കുട്ടികൾ വാഹനങ്ങളിൽ യാത്ര ചെയ്ത് സ്കൂളിൽ എത്തുന്ന പ്രക്രിയക്ക് കുറവു വരുത്തുന്നതിനായി വീടിനടുത്ത സ്കൂളിൽ തന്നെ കുട്ടികളെ പഠിപ്പിക്കാൻ രക്ഷിതാക്കൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

8. എല്ലാ സ്കൂളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിക്കുകയും പോലീസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതുമാണ്.

9. ട്രാഫിക് ക്ലബ്ബുകളുടെ പ്രവർത്തനം "എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.മാർ മോണിറ്റർ ചെയ്യേണ്ടതാണ്.

10. റോഡ് സേഫ്റ്റിയെ സംബന്ധിച്ചുള്ള നിരന്തര ബോധവൽക്കരണ പരിപാടി കൾ സ്കൂളുകളിൽ നടത്തണം.

11. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഉള്ള സ്കൂളുകളിൽ അവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം.

12. ജലാശയങ്ങളുടെ പാർശ്വത്തിലുള്ള വീഥിയിലൂടെ ഗതാഗതം നടത്തുന്ന വാഹനങ്ങളുടെ വേഗപരിധി നിശ്ചയിക്കുന്നത് ഉചിതമായിരിക്കും.

13. വാഹനങ്ങളുടെ പഴക്കം സംബന്ധിച്ചുള്ള നിലവിലുള്ള നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

14. വാഹനങ്ങളുടെ ക്ഷമത സ്ഥിരമായി പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്താവുന്നതാണ്.

കേരളാ .റോഡ് സുരക്ഷ അതോറിറ്റി തയ്യാറാക്കിയിട്ടുള്ള കുട്ടികൾക്കുവേണ്ടിയുള്ള റോഡ് സുരക്ഷാ തത്വങ്ങൾ പ്രതിപാദിക്കുന്ന "സ്കൂളിലേക്ക് ഒരു സുരക്ഷിതപാത" എന്ന പുസ്തകവും അദ്ധ്യാപകർക്കുള്ള ഇത് സംബന്ധമായ പഠനസഹായിയും സ്കൂളുകളിൽ എത്തിക്കുന്നതാണ്. ഇവ പ്രയോജനപ്പെടുത്തികൊണ്ട് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കൂടുതൽ ബോധന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ സമയബന്ധിതമായിട്ടും അടിയന്തിരമായിട്ടും നടപ്പിലാക്കിയതിന്റെ റിപ്പോർട്ട് ഡി.ഡി.മാർ ശേഖരിച്ച് നൽകേണ്ടതും ആദ്യ റിപ്പോർട്ട് 2011,ഒക്ടോബർ 15ന് മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിക്കേണ്ടതുമാണ്.

ഒപ്പ്,

എ.ഷാജഹാൻ, ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അറിവിലേക്കും അടിയന്തിര നടപടിക്കും.



സെക്ഷൻ ഓഫീസർ

No. M4/34701/11/DPI.

Office of the Director of Public Instruction.
Thiruvananthapuram, Dated:03/07/2011.

## CIRCULAR

**Sub**:- Gl.Edn.-Safety of school children in vehicles--regarding--
**Ref**:- Govt.Lr.No.1847/D3/2010/Tran. Dated:10/05/2011.

*************

It has come to the notice of the State Government that among other vehicles Autorickshaws too are commonly used to convey students to and from schools. Most of these Autorickshaws are inconceivably over loaded and the safety of the students is at risk during each journey. Students are also seen accommodated along with the Driver.

There are special rules for Autorickshaws under the Kerala Motor Vehicles Rules 1989. Rule 301 stipulates the seating capacity of autorickshaws. There are also rules to check overloading of vehicles in a dangerous manner and to prevent illegal alterations to the vehicles, frequently resorted to, to increase passenger capacity.

The Apex Court, shocked by the heart-rending Wazirabad accident in Delhi in 1997, when 28 students died after their bus fell into Yamuna River, and the lack of follow-up action by the authorities to rein in errant bus drivers, prescribed elaborate guidelines to minimize the risk to school children while traveling in private buses hired by schools.

Strict enforcement of law, creation of awareness and unbiased prosecution of offenders are the only practical solutions that can check such malpractices effectively to ensure the safety of school children.

Necessary directions have been issued to the concerned authorities to take immediate necessary action to enforce existing law and guidelines of the supreme Court, strictly with respect to all vehicles, especially autorickshaws and vans, used to convey school children and to take strict action as per law against the owners and drivers of the offending vehicles in cases of violation of law.

The whole-hearted co-operation of the schools, students, and parents are inevitable to enforce the law in this respect.

Therefore all are directed to give necessary instructions to all officers/Headmasters under their control, to ensure that school children are carried in vehicles only as per law and the mandatory guidelines issued by the Supreme Court.

Yours faithfully,

For **Director of Public Instruction.**

All Deputy Directors of Education.
Copy to:-

Director of Public Instruction, A.D.P.I., and J.D.(through C.A.)

S.V.07/07